**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2549** **02-08-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ 2021 വർഷം എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉപരിപഠനത്തിന് എത്ര വിദ്യാർത്ഥികളാണ് അർഹത നേടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | (എ) 19,287 |
| (ബി) | ഇവർക്ക് തുടർ പഠനത്തിനായി ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ ഹയർ സെക്കൻണ്ടറി, വി. എച്ച്. എസ്. ഇ., ഐ. ടി. ഐ., പോളി ടെക്നിക് എന്നിവിടങ്ങളിലായി എത്ര സീറ്റുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (ബി) | (ബി) ജില്ലയിൽ തുടർ പഠനത്തിനായി നിലവിലുള്ള സീറ്റുകൾ തരം തിരിച്ച്; ഹയർസെക്കന്ററി മേഖല. സർക്കാർ- 8,550 എയ്ഡഡ്- 3,650 അൺ എയ്ഡഡ് - 2,078 വൊക്കേഷണൽ ഹയർസെക്കന്ററി മേഖല സർക്കാർ- 1,350 എയ്ഡഡ്- 240 പോളിടെക്നിക്കുകൾ സർക്കാർ- 500 എയ്ഡഡ്- 180 അൺ എയ്ഡഡ്- 50 ഐ.ടി.ഐ കൾ സർക്കാർ- 1,668 അൺ എയ്ഡഡ്- 348 |
| (സി) | കഴിഞ്ഞ കാലങ്ങളിൽ മഞ്ചേശ്വരം, കാസർകോട് താലൂക്കുകളിലെ ആയിരത്തിലധികം വിദ്യാർത്ഥികൾ എസ്. എസ്. എൽ. സി. ക്ക് ശേഷം ഉപരിപഠനത്തിനായി മംഗലാപുരം ഉൾപ്പെടെയുള്ള ദക്ഷിണ കന്നഡ ജില്ലകളിലെ സ്ഥാപനങ്ങളെ ആശ്രയിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സി) ഇല്ല. |
| (ഡി) | കൊവിഡിനെത്തുടർന്നുള്ള യാത്ര ഉൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ ഇത്തവണ ജില്ലയിലെ വിദ്യാലയങ്ങളിൽ തന്നെ തുടർപഠനം എല്ലാ വിദ്യാർത്ഥികൾക്കും അവരുടെ ഇഷ്ട വിഷയങ്ങളിൽ പ്രവേശനം നേടുന്നതിനും ഉപരിപഠനം ഉറപ്പ് വരുത്തുന്നതിനും സർക്കാർ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ഡി) | (ഡി),(ഇ),&(എഫ്) കാസർകോട് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി പ്രവേശന തോത് 13,446 മാത്രമാണ്. കാസർകോട് ജില്ലയിൽ നിലവിൽ ഹയർസെക്കന്ററി തലത്തിൽ മാത്രം ഉപരിപഠനം നടത്തുന്നതിന് 14,278 സീറ്റുകൾ ലഭ്യമാണ്. |
| (ഇ) | മഞ്ചേശ്വരം, കാസർകോട് താലൂക്കുകളിലെ സർക്കാർ വിദ്യാലയങ്ങളിലോ എയ്ഡഡ്, അൺ | (ഇ) | (ഡി),(ഇ),&(എഫ്) കാസർകോട് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി പ്രവേശന തോത് 13,446 മാത്രമാണ്. കാസർകോട് |

| | | | |
|---|---|---|---|
| | എയ്ഡഡ് മേഖലകളിലോ പുതിയ ബാച്ച് തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | | ജില്ലയിൽ നിലവിൽ ഹയർസെക്കന്ററി തലത്തിൽ മാത്രം ഉപരിപഠനം നടത്തുന്നതിന് 14,278 സീറ്റുകൾ ലഭ്യമാണ്. |
| (എഫ്) | സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്തവിധം അൺ എയ്ഡഡ് ഹയർസെക്കണ്ടറികളിൽ അധിക ബാച്ചോ പുതിയ ബാച്ചോ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ; | (എഫ്) | (ഡി),(ഇ),&(എഫ്) കാസർകോട് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി പ്രവേശന തോത് 13,446 മാത്രമാണ്. കാസർകോട് ജില്ലയിൽ നിലവിൽ ഹയർസെക്കന്ററി തലത്തിൽ മാത്രം ഉപരിപഠനം നടത്തുന്നതിന് 14,278 സീറ്റുകൾ ലഭ്യമാണ്. |
| (ജി) | എസ്. എസ്. എൽ. സി. യിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തേക്കാൾ ഹയർ സെക്കൻണ്ടറി സീറ്റുകളുള്ള ജില്ലകൾ ഏതൊക്കെയാണ്; എത്ര സീറ്റുകൾ വീതമാണ് ഈ ജില്ലകളിൽ അധികമായിട്ടുള്ളത്; അധികമുള്ള സീറ്റുകൾ, സീറ്റുകൾ കുറവുള്ള ജില്ലകൾക്ക് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ: ആയതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ജി) | (ജി) ഹയർസെക്കന്ററി മേഖലയിലെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ ലഭ്യമായ സീറ്റുകളേയും 2021 മാർച്ചിൽ എസ്.എസ്.എൽ.സി പാസ്സായ വിദ്യാർത്ഥികളുടെ എണ്ണത്തേയും അടിസ്ഥാനപ്പെടുത്തുമ്പോൾ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ എസ്.എസ്.എൽ.സി വിജയിച്ച വിദ്യാർത്ഥികളേക്കാൾ കൂടുതൽ ഹയർസെക്കന്ററി സീറ്റുകൾ ലഭ്യമാണ്. ഇത്തരത്തിൽ അധികം വരുന്ന സീറ്റുകൾ ഉൾപ്പെടുന്ന ബാച്ചുകൾ പൂർണ്ണമായി ഒഴിഞ്ഞു കിടക്കുന്നവ അല്ലാത്തതിനാൽ മറ്റ ജില്ലകളിലേക്ക് മാറ്റുവാൻ സാധിക്കുകയില്ല. സീറ്റുകൾ മറ്റ ജില്ലകളിലേക്ക് മാറ്റുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ